# കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്

L-14, ജയ് നഗർ, കുമാരപുരം, മെഡിക്കൽ കോളേജ് പി. ഓ.

തിരുവനന്തപുരം – 695011

ഫോൺ: 0471 2554740 ഫാക്സ്:0471 2448234


No.3935/A4 /2018/KSBB (3) Dated. 04.01.2019

## TENDER NOTICE FOR SERVING FOOD AND REFRESHMENT ITEMS

## KERALA STATE BIODIVERSITY CONGRESS, 26 - 28 January, 2019.

കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ പ്രഥമ കേരള സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ് 2019 ജനുവരി 26 മുതൽ 28 വരെ തലശ്ശേരി, ഗവണ്മെന്റ് ബ്രെണ്ണൻ കോളേജിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കേരളത്തിന്റെ അകത്തും പുറത്തും നിന്നുമായി ഏകദേശം 2000ഓളം പേർ ഈ പരിപാടിയിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. തലശ്ശേരി ബ്രണ്ണൻ കോളേജിൽ വച്ച് നടക്കുന്ന പ്രസ്തുത ചടങ്ങിന് മേൽപ്പറഞ്ഞ തീയ തികളിൽ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് ഓഫ് ഇന്ത്യ അംഗീകരിച്ച സംസ്ഥാന/കേന്ദ്ര സർക്കാർ ലൈസൻസ് ഉള്ളതും, പ്രവർത്തന മികവ് ഉള്ളതുമായ കാറ്ററേഴ്സിൽ നിന്നും ഭക്ഷണവും കുടിവെള്ളവും വിതരണം ചെയ്യുന്നതിനുള്ള ദർഘാസുകൾ ക്ഷണിക്കുന്നു.

പ്രസ്തുത ദർഘാസിനായുള്ള ദർഘാസ് ഫോറം തിരുവനന്തപുരത്തുള്ള കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഓഫീസിൽ നിന്നും 04.01.2019 മുതൽ 17.01.2019 2 പി. എം. വരെ 1000 രൂപ + 18% ജി.എസ്.ടി. (ആയിരം രൂപ + 18% ജി.എസ്.ടി.) വില നൽകി കൈപ്പറ്റാവുന്നതാണ്. കൂടാതെ 12,450/ രൂപയുടെ (പന്ത്രണ്ടായിരത്തി നാനൂറ്റി അമ്പതു രൂപ മാത്രം) Demand Draft നിരത ദ്രവ്യമായി (EMD) മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്ന പേ രിൽ തിരുവനന്തപുരത്ത് മാറത്തക്ക വിധത്തിൽ എടുത്ത് ദർഘാസിനോടൊപ്പം സമർ പ്പിക്കേണ്ടതാണ്.

Kerala State Biodiversity Board Thiruvananthapuram

| Sl. No | Tender number | Name of items and specifications | Quantity | PAC Rs | EMD Rs. | Cost of tender form + GST |
|---|---|---|---|---|---|---|
| 1 | 3/2018-2019/KSBB | Serving food and refreshment items for 3 days (Details given in Annexure) | 2000 persons | 498000/- | 12450/- | 1000+ 18% GST (1000+180=1180) |
| | **Total** | | **2000** | **498000/-** | **12450/-** | **1180/-** |

ദർഘാസിനോടൊപ്പം താഴെ പറയുന്ന രേഖകൾ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

1. ദർഘാസിനായുള്ള അപേക്ഷാ ഫോറത്തിന്റെ വിലയുടെ രസീതിന്റെ പകർപ്പ്.
2. നിരത ദ്രവ്യത്തിന്റെ Demand Draft
3. Copy of PAN Card.
4. Copy of FSSAI Licence.
5. GST Registration Certificate.
6. മുൻപരിചയം തെളിയിക്കാനുള്ള രേഖകൾ
7. അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ

മുദ്രചെയ്ത ദർഘാസുകൾ 17.01.2019 നു 3 പി.എം നു മുൻപായി തിരുവനന്തപുരത്തുള്ള കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഓഫീസിൽ എത്തിക്കേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിന് ശേഷം വരുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. കവറിനു മുകളിലായി ***Tender for serving food and refreshment for Kerala State Biodiversity Congress- 2019*** എന്ന് എഴുതിയിരിക്കണം. അന്നേ ദിവസം വൈകുന്നേരം 4.00 മണിക്ക് സന്നിഹിതരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതായിരിക്കും. മേൽപ്പറഞ്ഞ രേഖകൾ ഇല്ലാത്ത പക്ഷം ദർഘാസുകൾ നിരസിക്കപ്പെടുന്നതായിരിക്കും. ഓർഗനൈസിംഗ്

Kerala State Biodiversity Board * Thiruvananthapuram *

കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. തിരഞ്ഞെടുക്കപ്പെട്ട ബിഡർ 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്. ബിഡ്ഡർ കരാറിൽ നിന്നും പിന്മാറുന്ന പക്ഷം നിയമാനുസരണമുള്ള നടപടി സ്വീകരിച്ച് സർക്കാരിനു വരുന്ന നഷ്ടം ഈടാക്കുന്നതാണ്. ദർഘാസ് സംബന്ധിച്ചുള്ള സർക്കാരിന്റെ എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും.

തിരഞ്ഞെടുക്കപ്പെട്ട ബിഡ്ഡർ ഒരു കാരണവശാലും ഭക്ഷണ വിതരണത്തിലോ ഗുണമേന്മയിലോ യാതൊരു വീഴ്ചയും വരുത്തുവാൻ പാടുള്ളതല്ല. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാത്ത പക്ഷം നിയമപരമായ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന് അധികാരമുണ്ടായിരിക്കും. പരിപാടിയുടെ വിജയകരമായ നടത്തിപ്പിനു ശേഷം ബില്ല് (GST പ്രകാരമുള്ളത്) ബോർഡിന് സമർപ്പിക്കേണ്ടതും അത് തൃപ്തികരമെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത തുക നൽകുകയും, EMD- തിരികെ നൽകുന്നതുമായിരിക്കും.

മെനു വിവരങ്ങളും നിബന്ധനകളും അനുബന്ധമായി ചേർത്തിട്ടുണ്ട്

ടെൻഡർ സംബന്ധമായ എല്ലാ സംശയങ്ങൾക്കും താഴെക്കൊടുത്തിരിക്കുന്ന അഡ്രസ്സിൽ ബന്ധപ്പെടാവുന്നതാണ്.

മെമ്പർ സെക്രട്ടറി.
കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്
L-14, ജയ് നഗർ, കുമാരപുരം, മെഡിക്കൽ കോളേജ് പി. ഓ.
തിരുവനന്തപുരം – 695011
ഫോൺ: 0471 2554740

Kerala State Biodiversity Board ★ Thiruvananthapuram ★

മെമ്പർ സെക്രട്ടറി

അനുബന്ധം

# കേരള സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ്

## വേദി ഗവണ്മെന്റ് ബ്രെണ്ണൻ കോളേജ്, തലശ്ശേരി, കണ്ണൂർ
## ലഭ്യമാക്കേണ്ട സേവനം ഭക്ഷണ/കുടിവെള്ള വിതരണം

തിയതി : 26/01/2019 മുതൽ 28/01/2019 വരെ

## <u>മെനു വിവരണം</u>

**A. ഭക്ഷണം**

[redacted]

**I. പ്രഭാത ഭക്ഷണം (രാവിലെ 8 മണിക്ക് 600 പേർക്ക്)**

(ഒരാൾക്ക് താഴെപ്പറയുന്ന അളവിൽ)

1.ഇഡ്ഡലി - 5 എണ്ണം

2.ഉഴുന്നുവട -1 എണ്ണം

3.സാമ്പാർ

4.ചമ്മന്തി

5.ചായ /കാപ്പി (വിത്ത്/വിത്തൊട്ട്)

6.ചെറുപഴം (രസകദളി) — 1 എണ്ണം

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ ........................................................................ രൂപ

അക്ഷരത്തിൽ........................................................................

**I. സ്നാക്ക്സ് (രാവിലെ 11 മണിക്ക് - 625 പേർക്ക്)**

(ഒരാൾക്ക് താഴെപ്പറയുന്ന അളവിൽ)

1. കുമ്പിളപ്പം/ഇലയപ്പം 1 എണ്ണം

2.ചായ / കാപ്പി (വിത്ത്/ വിത്തൊട്ട്)

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ ........................................................................ രൂപ

അക്ഷരത്തിൽ........................................................................

Kerala State Biodiversity Board ★ Thiruvananthapuram ★

## II. ഉച്ചഭക്ഷണം 1.30 മണിക്ക് (625 പേർക്ക്)

1. ചോറ് (ചമ്പാവ് അരി)
2. സാമ്പാർ
3. പുളിശ്ശേരി
4. അവിയൽ
5. തോരൻ (വാഴക്കൂമ്പ്)
6. അച്ചാർ (മാങ്ങ)
7. പപ്പടം
8. പായസം (ഗന്ധകശാല അരി)
9. ചെറുപഴം 1

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ .................................................................. രൂപ

അക്ഷരത്തിൽ......................................................................

## III. സ്നാക്ക്സ് (വൈകിട്ട് 3.30 മണിക്ക് - 625 പേർക്ക്)

(ഒരാൾക്ക് താഴെപ്പറയുന്ന അളവിൽ)

1. പഴക്കേക്ക് 1 എണ്ണം
2. ചായ / കാപ്പി (വിത്ത്/ വിത്തൊട്ട്)

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ .................................................................. രൂപ

അക്ഷരത്തിൽ......................................................................

## IV. രാത്രി ഭക്ഷണം 8 മണിക്ക് (450 പേർക്ക്)

1. കഞ്ഞി (ചമ്പാവ് അരി)
2. പുഴുക്ക് (മരച്ചീനി, കാച്ചിൽ, ചേന, ചേമ്പ്, ചെറുകിഴങ്ങ്)
3. പയർ
4. പപ്പടം
5. മുളക് കൂട്ട്
6. അച്ചാർ

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ .................................................................. രൂപ

അക്ഷരത്തിൽ......................................................................

Kerala State Biodiversity Board ★ Thiruvananthapuram ★

**രണ്ടാം ദിവസം — 27/01/2019**

V. **പ്രഭാത ഭക്ഷണം (രാവിലെ 8 മണിക്ക് 530 പേർക്ക്)**
(ഒരാൾക്ക് താഴെപ്പറയുന്ന അളവിൽ)

1. ഇടിയപ്പം/ വീശപ്പം — 4 എണ്ണം
2. കടലക്കറി
3. ഏത്തപ്പഴം പുഴുങ്ങിയത് 1/2 എണ്ണം
4. ചായ / കാപ്പി (വിത്ത്/ വിത്തൊട്ട്)

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ ........................................................................ രൂപ

അക്ഷരത്തിൽ..........................................................................

VI. **സ്നാക്ക്സ് (ഹൈ ടീ) (രാവിലെ 11 മണിക്ക് - 900 പേർക്ക്)**
(ഒരാൾക്ക് താഴെപ്പറയുന്ന അളവിൽ)

1. വെജിറ്റബിൾ കട്ട്ലെറ്റ് (വാഴക്കൂമ്പ്) — 1 എണ്ണം
2. വയണ അപ്പം — 1 എണ്ണം
3. വേദിയിൽ ഉള്ള വിശിഷ്ട വ്യക്തികൾക്ക് കാഷ്യുനട്ട് (5 വീതം) ഉൾപ്പെടുത്തി - 15 സെറ്റ്
3. ചായ / കാപ്പി (വിത്ത്/ വിത്തൊട്ട്)

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ ........................................................................ രൂപ

അക്ഷരത്തിൽ..........................................................................

VII. **ഉച്ചഭക്ഷണം 1.30 മണിക്ക് (700 പേർക്ക്)**

1. ചോറ് (ചമ്പാവ് അരി)
2. സാമ്പാർ
3. പുളിശ്ശേരി
4. അവിയൽ
5. തോരൻ (വാഴക്കൂമ്പ്)
6. അച്ചാർ (മാങ്ങ)
7. പപ്പടം
8. ചിക്കൻ കറി (150 ഗ്രാം)/ ചില്ലിഗോബി
9. പായസം (ഗന്ധകശാല അരി)
10. ചെറുപഴം 1

Kerala State Biodiversity Board ★ Thiruvananthapuram ★

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ .................................................... രൂപ

അക്ഷരത്തിൽ....................................................

## VIII. സ്നാക്സ് (വൈകിട്ട് 3.30 മണിക്ക് – 550 പേർക്ക്)

(ഒരാൾക്ക് താഴെപ്പറയുന്ന അളവിൽ)

1. കിണ്ണത്തപ്പം 1 എണ്ണം
2. ചായ / കാപ്പി (വിത്ത്/ വിത്തൊട്ട്)

**നിരക്ക് (ഒരാൾക്ക്)**

**അക്കത്തിൽ** .................................................... **രൂപ**

**അക്ഷരത്തിൽ**....................................................

## IX. രാത്രി ഭക്ഷണം 8 മണിക്ക് (350 പേർക്ക്)

(ഒരാൾക്ക് താഴെപ്പറയുന്ന അളവിൽ)

1. ചപ്പാത്തി 4 എണ്ണം
2. ഗ്രീൻപീസ് കറി / വെജിറ്റബിൾ കുറുമ
3. ഹൽവ 1 പീസ്

**നിരക്ക് (ഒരാൾക്ക്)**

അക്കത്തിൽ .................................................... രൂപ

അക്ഷരത്തിൽ....................................................

**മൂന്നാം ദിവസം – 28/01/2019**

## X. പ്രഭാത ഭക്ഷണം (രാവിലെ 8 മണിക്ക് 485 പേർക്ക്)

(ഒരാൾക്ക് താഴെപ്പറയുന്ന അളവിൽ)

1. അപ്പം (4 വീതം)
2. കടലക്കറി
3. കേസരി
4. ചായ / കാപ്പി (വിത്ത്/ വിത്തൊട്ട്)

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ .................................................... രൂപ

അക്ഷരത്തിൽ....................................................

Kerala State Biodiversity Board
Thiruvananthapuram

XI. സ്നാക്ക്സ് (രാവിലെ 11 മണിക്ക് – 700 പേർക്ക്)

(ഒരാൾക്ക് താഴെപ്പറയുന്ന അളവിൽ)

1. കുമ്പിളപ്പം/ഇലയപ്പം 1 എണ്ണം

2. ചായ / കാപ്പി (വിത്ത്/ വിത്തൊട്ട്)

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ .................................................................. രൂപ

അക്ഷരത്തിൽ..................................................................................

XII. ഉച്ചഭക്ഷണം 1.30 മണിക്ക് (700 പേർക്ക്)

1. വെജിറ്റബിൾ ഫ്രൈഡ് റൈസ്

2. ഗോബി മഞ്ചൂരിയൻ

3. ചിക്കൻ കറി (150 ഗ്രാം)

4. ഗ്രീൻ സാലഡ്

5. പപ്പടം

6. അച്ചാർ

7. ഐസ്ക്രീം (കപ്പ്) 1 എണ്ണം

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ .................................................................. രൂപ

അക്ഷരത്തിൽ..................................................................................

XIII. സ്നാക്ക്സ് (വൈകിട്ട് 3.30 മണിക്ക് – 700 പേർക്ക്)

(ഒരാൾക്ക് താഴെപ്പറയുന്ന അളവിൽ)

1. ഉഴുന്നുവട
2. ചായ/ കാപ്പി (വിത്ത്/ വിത്തൊട്ട്)

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ .................................................................. രൂപ

അക്ഷരത്തിൽ..................................................................................

Kerala State Biodiversity Board ★ Thiruvananthapuram ★

A. കുടിവെള്ളം

XIV. ആവശ്യാനുസരണം തിളപ്പിച്ചാറിയ കുടിവെള്ളം മാത്രമേ ഫുഡ് കൗണ്ടറിൽ നല്കാൻ പാടുള്ളൂ. ഇതിനായി ആവശ്യാനുസരണം സ്റ്റീൽ കപ്പുകൾ മാത്രം ഉപയോഗിക്കണം.

# നിബന്ധനകൾ

1. കാപ്പി / ചായ തയ്യാറാക്കുന്നത് പാൽ വെള്ളം എന്നിവ 30:70 അനുപാതത്തിലും, മേൽത്തരം ബ്രാൻഡഡ് കാപ്പിപ്പൊടി/തേയില ഉപയോഗിച്ചുമായിരിക്കണം
2. അംഗീകരിക്കുന്ന മെനുവിൽ പറഞ്ഞിട്ടുള്ള ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം അളവ് എന്നിവ കൃത്യമായി പാലിക്കേണ്ടതാണ്
3. ടെൻഡർ നിരക്കുകളും നിബന്ധനകളും എഗ്രിമെന്റ് തീയതി മുതൽ ബാധകമായിരിക്കും.
4. ഭക്ഷണം വിതരണം ചെയ്യുന്നിടത്തു സമ്പൂർണ ശുചിത്വം പാലിക്കേണ്ടതാണ്.
5. പാചകത്തിന് ഉപയോഗിക്കുന്ന ഭക്ഷണ സാധനങ്ങൾ ഉന്നത നിലവിവരമുള്ളതായിരിക്കണം.
6. സമ്മേളനത്തിന് പ്ലാസ്റ്റിക് പൂർണമായി നിരോധിച്ചിരിക്കുന്നതിനാൽ ചായ, കാപ്പി, വെള്ളം തുടങ്ങിയവ നൽകുന്നതിന് അനുയോജ്യ വലിപ്പമുള്ള സ്റ്റീൽ/സ്ഫടിക ഗ്ലാസ് മാത്രമേ ഉപഗോഗിക്കുവാൻ പാടുള്ളൂ. ഭക്ഷണം വിതരണം ചെയ്യുന്നതിനായി സെറാമിക്/മെലാനിൻ/സ്റ്റീൽ പാത്രങ്ങൾ മാത്രമേ പാടുള്ളൂ.
7. ടിഷ്യു പേപ്പർ, സ്റ്റീൽ സ്പൂൺ എന്നിവ ഭക്ഷണ കൗണ്ടറിൽ ലഭ്യമാക്കേണ്ടതാണ്.
8. ക്വട്ടേഷനിൽ ഭക്ഷണം കഴിക്കുന്നവരുടെ എണ്ണം നൽകിയിരിക്കുന്നത് പ്രാഥമിക കണക്കുകൾ പ്രകാരമാണ്. എണ്ണം കൂടുകയോ കുറയുകയോ ചെയ്യാൻ സാധ്യതയുണ്ട്. മാറ്റങ്ങൾ മുൻകൂട്ടി അറിയിക്കുന്നതാണ്.
9. തിരക്ക് കൂടാതെ ഭക്ഷണം വിതരണം ചെയ്യുന്നതിന് വേണ്ടത്ര വെജിറ്റേറിയൻ/നോൺവെജിറ്റേറിയൻ കൗണ്ടറുകൾ ഭക്ഷണ ഹാളിൽ തയ്യാറാക്കേണ്ടതാണ്
10. കരാറുകാരനും വിതരണ ജോലിക്കാരും ആതിഥ്യ മര്യാദ പൂർണമായും പാലിക്കേണ്ടതാണ്.
11. ഭക്ഷ്യ സുരക്ഷാ സംബന്ധമായ എല്ലാ ഉത്തരവാദിത്തങ്ങളും കരാറുകാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്
12. ഭക്ഷണ സംബന്ധമായ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ എല്ലാ നിയമങ്ങളും, റ്റി.ഡി.എസ് ഉൾപ്പെടെ എല്ലാ നികുതികളും, ടെൻഡറിന് ബാധകമായിരിക്കും.

Kerala State Biodiversity Board * Thiruvananthapuram *

13. ഈ ടെൻഡർ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും മെമ്പർ സെക്രട്ടറി, ജൈവവൈവിധ്യ ബോർഡ്-ന്റെ തീരുമാനം അന്തിമമായിരിക്കും

14. ഭക്ഷണം വിതരണം ചെയ്യുന്നത് പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ഫുഡ് കോർട്ടിൽ വച്ചായിരിക്കണം. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ മറ്റിടങ്ങളിൽ വിതരണം ചെയ്യേണ്ടി വന്നാൽ (ഫുഡ് കമ്മിറ്റിയുടെ നിർദേശാനുസരണം) അപ്രകാരം ചെയ്യേണ്ടതാണ്.

15. ഭക്ഷണ വിതരണ സമയം 26/01/2019 രാവിലെ 8 മണി മുതൽ 28/01/2019 വൈകിട്ട് 4 മണി വരെ (കമ്മിറ്റിയുടെ നിർദേശാനുസരണം).

16. മാലിന്യ നിർമാർജനം: ഭക്ഷണ/കുടിവെള്ള വിതരണം പൂർണമായി പ്ലാസ്റ്റിക് വിമുക്തമായിരിക്കണം. മാലിന്യ നിർമാർജ്ജനം പൂർണമായും കരാറുകാരന്റെ ഉത്തരവാദിത്തമാണ്. ഭക്ഷണവുമായി ബന്ധപ്പെട്ട എല്ലാ മാലിന്യങ്ങളെയും അതാതു സമയങ്ങളിൽത്തന്നെ നീക്കം ചെയ്യേണ്ടതും തദ്ദേശഭരണ സ്ഥാപനങ്ങൾ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ നിർമാർജ്ജനം ചെയ്യേണ്ടതുമാണ്. കോളേജ് പരിസരങ്ങളിൽ ഒരിടത്തും ഭക്ഷണാവശിഷ്ടങ്ങൾ/മാലിന്യങ്ങൾ വീഴാൻ പാടില്ലാത്തതാണ്.

17. തൃപ്തികരമായ ഭക്ഷണ വിതരണത്തിന് ശേഷം നിബന്ധനകൾക്കനുസൃതമായ ബില്ലുകൾ നൽകി പരിശോധനകൾക്കു ശേഷം തുക കൈപറ്റാവുന്നതാണ്.

## സത്യപ്രസ്താവന

മേല്പറഞ്ഞ നിബന്ധനകൾ എല്ലാം തന്നെ ഞാൻ/ ഞങ്ങൾ വായിച്ചു ബോധ്യപ്പെട്ടു. വ്യവസ്ഥകൾ മുഴുവനായും ഇതിനാൽ അംഗീകരിച്ചു കൊള്ളുന്നു.

ഒപ്പ്

പേര് ..........................................................

വിലാസം ..................................................

..........................................................

..........................................................

സ്ഥലം:

തിയതി:

Kerala State Biodiversity Board ★ Thiruvananthapuram ★

Member Secretary
Kerala State Biodiversity Board
Thiruvananthapuram

No. 3935/A4/2018/KSBB (3) Tender No. 3/2018-2019/KSBB

# പരിഷ്കരിച്ച മെനു വിവരങ്ങളും നിബന്ധനകളും

തലശ്ശേരി ബ്രണ്ണൻ കോളേജിൽ വച്ച് 2019 ജനുവരി 26 മുതൽ 28 വരെ നടക്കുന്ന പ്രഥമ കേരള സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ ആവശ്യത്തിലേക്കായി ഫുഡ് ടെൻഡർ 04-01-2019 ന് വിളിച്ചിരുന്നു. അതോടൊപ്പം കൊടുത്തിട്ടുള്ള മെനുവിലും നിബന്ധനകളിലും താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതുൾപ്പെടുത്തി വേണം ഫുഡ് ടെൻഡറുകൾ സമർപ്പിക്കേണ്ടത്.

| പേജ് നമ്പർ | പഴയത് | മാറ്റം വരുത്തിയത് |
|---|---|---|
| Page No. 5 - II (8) | പായസം(ഗന്ധകശാല അരി) | പാൽപായസം(ഗന്ധകശാല അരി) |
| Page No. 5 - III (1) | പഴക്കേക്ക് | പഴംപൊരി |
| Page No. 5 - IV (5) | മുളക് കൂട്ട് | ചമ്മന്തി |
| Page No. 6 - V (1) | ഇടിയപ്പം/ വീശപ്പം | ഇടിയപ്പം/ നൂൽപ്പുട്ട് |
| Page No. 6 - VI (1) | വെജിറ്റബിൾ കട്ട്ലെറ്റ് (വാഴക്കൂമ്പ്) | വെജിറ്റബിൾ കട്ട്ലെറ്റ് |
| Page No. 6 - VI (2) | വയണ അപ്പം | കലത്തപ്പം |
| Page No. 6 - VII (5) | തോരൻ (വാഴക്കൂമ്പ്) | തോരൻ (ഇടിച്ചക്ക) |
| Page No. 6 - VII (9) | പായസം (ഗന്ധകശാല അരി) | പരിപ്പ് പ്രഥമൻ |
| Page No. 7 - IX (3) | ഹൽവ | മൈസൂർപാക്ക് |
| Page No. 8 - XI (1) | കുമ്പിളപ്പം/ഇലയപ്പം | ഇലയട ( ശർക്കര, തേങ്ങ, പഴം) |
| Page No. 10- നിബന്ധനകൾ 1 | കാപ്പി / ചായ തയ്യാറാക്കുന്നത് പാൽ വെള്ളം എന്നിവ 30:70 അനുപാതത്തിലും, മേൽത്തരം ബ്രാൻഡഡ് കാപ്പിപ്പൊടി/തേയില ഉപയോഗിച്ചുമായിരിക്കണം | കാപ്പി / ചായ തയ്യാറാക്കുന്നത് പാൽ വെള്ളം എന്നിവ 30:70 അനുപാതത്തിലും, മേൽത്തരം ബ്രാൻഡഡ് കാപ്പിപ്പൊടി/തേയില ഉപയോഗിച്ചുമായിരിക്കണം. (കണ്ണൻ ദേവൻ, റിപ്പിൾ ടീ, ബ്രൂക്ക്ബോണ്ട്, റെഡ്ലേബൽ) |

Kerala State Biodiversity Board ★ Thiruvananthapuram ★

| | | |
|---|---|---|
| Page No. 10- നിബന്ധനകൾ 5 | പാചകത്തിന് ഉപയോഗിക്കുന്ന ഭക്ഷണ സാധനങ്ങൾ ഉന്നത നിലവിവരമുള്ളതായിരിക്കണം. | പാചകത്തിന് ഉപയോഗിക്കുന്ന ഭക്ഷണ സാധനങ്ങൾ ഉന്നത നിലവാരമുള്ളതായിരിക്കണം. |
| Page No. 10- നിബന്ധനകൾ 18 പുതിയത് | | സംസ്ഥാന- കേന്ദ്ര ഗവൺമെന്റുകളോ കേരള ശാസ്ത്ര സാങ്കേതിക കൗൺസിലോ ബ്ലാക്കിലിസ്റ്റിൽ ഉൾപ്പെടുത്തുകയോ/ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യുകയോ ചെയ്തിട്ടുള്ള കാറ്ററേഴ്സിന്റെ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. |

| നമ്പർ | ഭക്ഷണ ഇനം | ഒരെണ്ണത്തിന്റെ അളവ് |
|---|---|---|
| 1 | ചിക്കൻ കറി | 150 ഗ്രാം |
| | വെജിറ്റബിൾ കട്ട്ലെറ്റ് | 80 ഗ്രാം |
| | കടലക്കറി | 150 ഗ്രാം |
| | ഇഡ്ഡലി | 75 ഗ്രാം |
| | ഇടിയപ്പം /നൂൽപ്പുട്ട് | 75 ഗ്രാം |
| | ചപ്പാത്തി | 75 ഗ്രാം |
| | ഉഴുന്നുവട | 60 ഗ്രാം |
| | ഇലയട | 125 ഗ്രാം |
| | ഐസ്ക്രീം | വലിയ സ്കൂപ്പ് |
| | കിണ്ണത്തപ്പം | 80 ഗ്രാം |
| | കുമ്പിളപ്പം | 75 ഗ്രാം |
| | ഗ്രീൻപീസ് കറി | 150 ഗ്രാം |
| | ഗോബി മഞ്ചൂരിയൻ | 150 ഗ്രാം |
| | പഴംപൊരി | 75 ഗ്രാം |

Kerala State Biodiversity Board
Thiruvananthapuram

| | | |
|---|---|---|
| | അപ്പം | 75 ഗ്രാം |
| | ഗ്രീൻ സാലഡ് (കക്കിരി, കാരറ്റ്,തക്കാളി, ബീറ്റ്റൂട്ട്, സവാള, ചെറുനാരങ്ങ, പച്ചമുളക്) ഗുണനിലവാരമുള്ളത് | 100 ഗ്രാം |
| | കലത്തപ്പം | 80 ഗ്രാം |
| | മൈസൂർപാക്ക് | 50 ഗ്രാം |
| | കേസരി | 75 ഗ്രാം |

Kerala State Biodiversity Board ★ Thiruvananthapuram ★

മെമ്പർ സെക്രട്ടറി